അരുവിക്കര ഡാമിലേയും പേപ്പാറ ഡാമിലേയും ജലസംഭരണശേഷി

50 [3191] ശ്രീ. വർക്കല കഹാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, ഇ. എം. അഗസ്തി:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിലും പേപ്പാറ ഡാമിലും ജലസംഭരണ ശേഷി കുറഞ്ഞതായി കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അണക്കെട്ടുകളിലെ ജലസംഭരണശേഷി കുറയുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) ഈ ജലസംഭരണികളിലെ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് പറയാമോ;

(ഡി) പേപ്പാറ ഡാമിലേക്കുള്ള നീരൊഴുക്ക് കുറയുമ്പോൾ തിരുവനന്തപുരം നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും ശുദ്ധജല ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ടോ;

(ഇ) എങ്കിൽ എപ്രകാരം അതിന് പരിഹാരം കാണാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അരുവിക്കര ഡാമിന്റെ സംഭരണ ശേഷി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പേപ്പാറ ഡാമിന്റെ സംഭരണശേഷി കുറഞ്ഞതായി കരുതുന്നില്ല.

(ബി) അരുവിക്കര ഡാമിന്റെ സംഭരണ ശേഷി കുറയുന്നത് ചെളിയും മണലും അടിയുന്നത് മൂലമാണ്.

(സി) അരുവിക്കര ഡാമിൽ വന്നടിയുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതുവഴി ഇതിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാവുന്നതാണ്. തിരുവനന്തപുരം നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും വർദ്ധിച്ചുവരുന്ന ജല ഉപയോഗം കണക്കിലെടുക്കുമ്പോൾ പേപ്പാറ ഡാമിലെ സംഭരണശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. പേപ്പാറ ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുവാനായി ഡാമിന്റെ ഉയരം 6 മീറ്റർ കൂടി കൂട്ടുവാൻ ഉദ്ദേശമുണ്ട്. ഡാമിന്റെ ഉയരം 6 മീറ്റർ കൂടി ഉയർത്തുന്നത് 270 ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകും. ആയതിനാൽ ഡാമിന്റെ ഉയരം കൂട്ടുന്നതിന് സംസ്ഥാന വനം വകുപ്പിന്റെയും കേന്ദ്രസർക്കാരിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന് ഒരിക്കൽ നൽകിയ അപേക്ഷ അവർ തള്ളിക്കളഞ്ഞു. കേന്ദ്ര സർക്കാരിനെ വീണ്ടും സമീപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പേപ്പാറ ഡാമിലേയ്ക്കുള്ള നീരൊഴുക്ക് കുറയുകയാണെങ്കിൽ തിരുവനന്തപുരം നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും ശുദ്ധജല ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകാൻ സാദ്ധ്യതയുണ്ട്.

(ഇ) ഇതിനു പരിഹാരമായി പേപ്പാറ ഡാമിന്റെ ഉയരം 6 മീറ്റർ കൂടി ഉയർത്തി സംഭരണശേഷി ഇപ്പോഴുള്ള 40 ദശലക്ഷം ഘനമീറ്ററിൽ നിന്ന് 70 ദശലക്ഷം ഘന മീറ്റർ ആയി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

നിളാനദിയിൽ തടയണ നിർമ്മാണം

51 [3192] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽ നിളാ നദിയിൽ ഒരു തടയണ നിർമ്മിക്കുന്നതിന് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്ത് ഒരു തടയണ നിർമ്മിക്കുന്നതിനു വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് തടയണ നിർമ്മിക്കണമെന്ന നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയപ്പോൾ സാധാരണ രീതിയിലുള്ള കോൺക്രീറ്റ് ചെക്ക്ഡാമോ മേസൺറി ചെക്ക്ഡാമോ പ്രായോഗികമല്ലെന്ന് കണ്ടതിനാൽ കൂടുതൽ നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

ഭാരതപ്പുഴയിലെ മുണ്ടായയിൽ റഗുലേറ്റർ സ്ഥാപിക്കുവാനും കുന്തിപ്പുഴയിൽ ഇട്ടക്കടവിൽ തടയണ സ്ഥാപിക്കുന്നതിനും പദ്ധതി

52 [3193] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയിലെ മുണ്ടായയിൽ റഗുലേറ്റർ സ്ഥാപിക്കുവാനും കുന്തിപ്പുഴയിൽ ഇട്ടക്കടവിൽ തടയണ സ്ഥാപിക്കുന്നതിനും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത രണ്ട് പദ്ധതികളും താമസംവിനാ നടപ്പാക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴയിൽ മുണ്ടായയിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. കുന്തിപ്പുഴയിൽ ഇട്ടക്കടവിൽ തടയണ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly